(ബി) 2014-15 ബഡ്ജറ്റിൽ ഓരോ പദ്ധതികൾക്കായും നീക്കിവച്ച തുകയിൽ 31-1-2015 വരെ ചെലവഴിച്ച തുകയെത്രയെന്ന് പദ്ധതി അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

ഉത്തരം

(എ) 2014-15 ബഡ്ജറ്റിൽ പട്ടികജാതി വികസന വകുപ്പിൽ കേന്ദ്രാവിഷ്കൃത പദ്ധതി ഉൾപ്പെടെ വിവിധ പദ്ധതികൾക്കായി നീക്കിവച്ച തുക 1,25,107 രൂപയാണ്. പദ്ധതിയടിസ്ഥാനത്തിലുള്ളത് അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.*

(ബി) 2014-15-ലെ ബഡ്ജറ്റിൽ പട്ടികജാതി വികസനത്തിനായി ഓരോ പദ്ധതികൾക്കായും നീക്കിവച്ച തുകയിൽ 31-1-2015 വരെ 56842.13934 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിരിക്കുന്നു.*

സ്വയം പര്യാപ്ത ഗ്രാമം പഞ്ചായത്തിൽ ഉൾപ്പെടുത്തിയ പുളപ്പറമ്പ് കോളനിയിലെ വികസന പ്രവർത്തനങ്ങൾ

268 (965) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കൊടുവായൂർ പഞ്ചായത്തിലെ പുളപ്പറമ്പ് കോളനിയിലെ വികസന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ഈ പദ്ധതിയുടെ പൂർത്തീകരണത്തിന് ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; നാളിതുവരെ അനുവദിച്ച ഫണ്ടിന്റെ വിശദാംശം നൽകുമോ ;

(സി) ഈ പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ആക്ഷൻ പ്ലാൻ പ്രകാരം പൂർത്തീകരിക്കേണ്ട ജോലികളിൽ താഴെ പറയുന്നവ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

1. ബോർവെൽ
2. പൈപ്പ് ലൈൻ - 400 മീറ്റർ
3. ഹൗസ് കണക്ഷൻ - 62
4. നിലവിലുള്ള കിണർ റിപ്പയർ
5. തെരുവ് വിളക്ക് സ്ഥാപിക്കൽ
6. സോഡിയം വേപ്പർ ലാംപ്

(ബി) ഉണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി നാളിതുവരെ 65 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) 2015 ഏപ്രിലിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വായു എഴുതിത്തള്ളൽ പദ്ധതികൾ

269 (966) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന വകുപ്പ് പ്രഖ്യാപിച്ച വാത്സല്യനിധി, വിദ്യാജ്യോതി, സ്മൃതിവനം, വായു എഴുതിത്തള്ളൽ എന്നീ പദ്ധതികൾ പ്രകാരം ഓരോ ഇനത്തിലും ലഭിച്ച അപേക്ഷകൾ ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(ബി) ഇതിൽ സ്വീകരിച്ച നടപടികളും തീർപ്പാക്കിയ അപേക്ഷകളുടെയും വിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ക്രമീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?